

കാഞ്ഞിരപ്പൊയിലിലെ രാജന്റെ കൃഷിത്തോട്ടത്തിൽ തഞ്ചാവൂർ വാട്ടം ബാധിച്ച തെങ്ങ് കൃഷി ശാസ്ത്രജ്ഞർ പരിശോധിക്കുന്നു.

# കർഷകരെ കണ്ണീരിലാഴ്ത്തി തഞ്ചാവൂർ വാട്ടം

Manorama dt 24/2/2018

കാഞ്ഞങ്ങാട് ● തെങ്ങിനെ ബാധിക്കുന്ന തഞ്ചാവൂർ വാട്ടം ജില്ലയിൽ വ്യാപകമാകുന്നു. മടിക്കൈ പഞ്ചായത്തിലാണ് രോഗം സ്ഥിരീകരിച്ചത്. മടിക്കൈ പഞ്ചായത്തിൽ കേരഗ്രാമം പദ്ധതിയുടെ ഭാഗമായുള്ള പരിപാടിയിൽ പങ്കെടുക്കാനെത്തിയ സിപിസിആർഐയിലെ സസ്യ സംരക്ഷണ വിഭാഗം തലവൻ വിനായക് ഹെഗ്ഡെയുടെ നേതൃത്വത്തിലുള്ള വിദഗ്ധർ കാഞ്ഞിരപ്പൊയിലിലെ കർഷകനായ എ.രാജന്റെ തെങ്ങിൻ തോട്ടത്തിൽ നടത്തിയ പരിശോധനയിലാണ് രോഗലക്ഷണമുള്ള തെങ്ങുകൾ കണ്ടെത്തിയത്.

ഗാനോഡെർമലുസിഡം, ഗാനോഡെർമ അപ്ലനേറ്റ എന്നീ കുമിളുകളാണ് രോഗത്തിനു കാരണമാകുന്നത്. തെങ്ങിന്റെ താഴത്തെ നിരകളിലുള്ള ഓലകൾ നിറം മങ്ങി പെട്ടെന്നു വാടാൻ തുടങ്ങുന്നതാണ് രോഗലക്ഷണം. ഈ ലക്ഷണങ്ങളുള്ള തെങ്ങുകളുടെ വേരുകൾ ചീഞ്ഞു നശിച്ചിരിക്കും. പിന്നീട് ഓലകളെല്ലാം ഉണങ്ങി തെങ്ങിന്റെ മണ്ട മറിഞ്ഞു വീഴുകയും ചെയ്യും. ഓലകൾ വാടുന്നതോടൊപ്പം വ്യാപകമായി തേങ്ങയും പൊഴിയും. കയോടു ചേർന്ന ഭാഗത്തു നിന്നു കറയൊലിക്കുന്നതും ലക്ഷണമാണ്. അവസാന ഘട്ടത്തിൽ ചില തെങ്ങുകളിൽ കുമിളിന്റെ കൂണുപോലെ ഉറച്ച ഭാഗങ്ങൾ വളരുകയും ചെയ്യുന്നുണ്ട്. രോഗം ബാധിച്ച തെങ്ങുകൾ വേരോടെ പിഴുതു നശിപ്പിക്കുകയാണ് പരിഹാരമാർഗങ്ങളിലൊന്ന്. രോഗം ബാധിച്ച തെങ്ങിനു ചുറ്റും 60സെ.മീ ആഴത്തിലും 30സെ.മീ വീതിയിലുമായി കിടങ്ങ് കുഴിച്ച് മറ്റു തെങ്ങുകളിലേക്കു രോഗം പടരുന്നതു തടയാം. കൂടാതെ തെങ്ങിന് ആവശ്യമായ അളവിൽ ജൈവ, രാസവളങ്ങളുമിടണം. എതിർ കുമിളുകളായ ട്രൈക്കോഡെർമ ചേർത്ത വേപ്പിൻ പിണ്ണാക്ക് ഒരു തടത്തിൽ അഞ്ചു കി.ഗ്രാം എന്ന തോതിൽ ഇടുന്നതും ഫലപ്രദമാണ്. നാലു ദിവസത്തിലൊരിക്കൽ തെങ്ങിൻ തടം നനയ്ക്കുക, ഉണങ്ങിയ ഇലകളും ചപ്പുചവറുകളും ഉപയോഗിച്ച് പുതയിടുകയുമൊക്കെയാണ് പ്രതിരോധ മാർഗങ്ങൾ. ഇടവിളയായി വാഴ കൃഷി ചെയ്യുന്നതു രോഗനിയന്ത്രണത്തിനു സഹായിക്കുമെന്നും അധികൃതർ പറഞ്ഞു.